പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1549** **05.12. 2014-** ലെ മറുപടി

## പ്രവാസി കേരളീയരുടെ എണ്ണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി കേരളീയരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;<br><br>(ബി) കേരളീയരിൽ എത്ര പേരാണ് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതെന്നും, ഇവർ ഏതൊക്കെ രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ; | (എ & ബി) കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല എന്നാൽ സാമ്പത്തിക സെൻസസിനോടൊപ്പം, നോർക്ക വകുപ്പ് സാമ്പത്തിക സ്ഥിതി വിവരക്കണക്ക വകുപ്പുമായി നടത്തിയ പ്രവാസി മലയാളി സർവ്വേ പ്രകാരം ഉള്ള വിവരം ചുവടെ ചേർക്കുന്നു. |

| രാജ്യം | ആകെ |
|---|---|
| യു.എസ്.എ. | 53642 |
| കാനഡ | 6350 |
| യു കെ. | 30291 |
| ജർമ്മനി | 1920 |
| മറ്റ് യൂറോപ്യൻ രാജ്യങ്ങൾ | 3809 |
| നൈജീരിയ | 850 |
| ലിബിയ | 811 |
| മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ | 4122 |
| സൗദി അറേബ്യ | 421313 |
| യു എ ഇ | 507087 |
| കുവൈറ്റ് | 91780 |
| ഒമാൻ | 89238 |
| ഖത്തർ | 113395 |
| ബഹറിൻ | 61408 |
| ഇറാഖ് | 763 |
| ഇറാൻ | 473 |
| സിങ്കപ്പൂർ | 5931 |

| | |
|---|---|
| മലേഷ്യ | 5546 |
| മറ്റ് ഏഷ്യൻ രാജ്യങ്ങൾ | 8987 |
| ന്യൂസിലാൻഡ് | 2189 |
| ആസ്ട്രേലിയ | 10709 |
| മറ്റു രാജ്യങ്ങൾ | 6239 |
| ആകെ | 1426853 |

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെയും തിരികെയെത്തിയവരുടേയും ക്ഷേമത്തിനും പുനരധിവാസത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ താഴെ പ്പറയുന്നവയാണ്.

- തിരികെവന്ന പ്രവാസികൾക്കായി, സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൂലധന/പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതി - 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM)'
- സംസ്ഥാനത്ത് നിക്ഷേപം നടത്താനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിന് വേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ ഒരു "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" ആരംഭിക്കുന്നതിനുള്ള പദ്ധതി.
- വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ തന്റേതല്ലാത്ത കാരണങ്ങളാൽ ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമ സഹായം ലഭ്യമാക്കുന്നതിനുള്ള 'പ്രവാസി ലീഗൽ അസിസ്റ്റൻസ്' പദ്ധതി.

- വിദേശ രാജ്യങ്ങളിൽ ജയിൽ മോചിതരാകുന്ന നിർധനരായ പ്രവാസി മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള 'സ്വപ്നസാഫല്യം' പദ്ധതി.

- തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാസഹായം, വിവാഹധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന 'സാന്ത്വന പദ്ധതി'.

- പ്രവാസികൾക്ക് നോർക്കയുടെ പദ്ധതികൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലകളിലും നോർക്ക റൂട്ട്സ് സെല്ലുകൾ.

- മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി ക്ഷേമ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചെന്നൈ, ബാംഗ്ളൂർ, ബറോഡ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ നോർക്കാ റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകൾ .

- നോർക്കയുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ നോർക്ക സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ബഹ്റിനിൽ നോർക്കാ സഹായ കേന്ദ്രം.

- ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്ക്കരണം മൂലം തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പുനരധിവാസ പദ്ധതി.

- മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ വേദിയായ 'ജോബ് പോർട്ടൽ'.

- നോർക്ക വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന '24 മണിക്കൂർ ഹെൽപ്പ് ലൈൻ/കോൾ സെന്റർ'.

- വിദേശത്ത് തൊഴിൽ ആഗ്രഹിക്കുന്നവരിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഒരു സംയോജിത പരിശീലന പരിപാടിയായ 'പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം'.

- തൊഴിലെടുക്കാൻ പ്രാപ്തിയുള്ള യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, വിദേശ തൊഴിൽ വിപണികളിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനുള്ള തൊഴിൽ നൈപുണ്യ വികസന പരിപാടി.

- ഇന്ത്യക്കുപുറത്തോ, ഇതര സംസ്ഥാന ങ്ങളിലോ വെച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയായ 'കാരുണ്യം പദ്ധതി'.

- പ്രവാസികൾക്കായി പെൻഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ 'കേരളാ പ്രവാസി കേരളീയ ക്ഷേമബോർഡ്'.

- പ്രവാസികളുടെ തിരിച്ചറിയൽ രേഖയായി ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പുവരുത്തുന്ന എൻ ആർ. കെ. ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്

സെക്ഷൻ ഓഫീസർ